# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3503

15/07/2015-ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ ഡെങ്കിപനി തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) കാസർഗോഡ് ജില്ലയിൽ ഡെങ്കിപനി പോലെയുള്ള പനികൾ വ്യാപകമായി പടർന്ന് പിടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇക്കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ എത്ര പേർ പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ | ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ രണ്ട് പേർ ഡെങ്കിപ്പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. |

**വിശദാംശങ്ങൾ**

1) ബാലകൃഷ്ണൻ -30 വയസ്സ്

S/o. ചെനിയ, പെർഡാല, എസ്.ടി. കോളനി, ബദിയടുക്ക.
11/06/2013-ന് കാസർഗോഡ് ജനറൽ ആശുപത്രിയിൽ വെച്ചാണ് മരണപ്പെട്ടത്.

2) മോഹനൻ - 28 വയസ്സ്

S/o. വെള്ളങ്ങൻ, നെച്ചിപ്പടുപ്പ്, കാറഡുക്ക.
14/06/2015-ന് മംഗലാപുരം ഫാദർ മുള്ളേഴ്സ് ആശുപത്രിയിൽ വെച്ച് മരണപ്പെട്ടു.

എച്ച്.1 എൻ1 പനി ബാധിച്ച് 03/07/2015-ന് ജില്ലയിൽ ഒരാൾ മരണപ്പെട്ടിട്ടുണ്ട്. മംഗലാപുരം കെ.എം.സി. ഹോസ്പിറ്റലിൽ വെച്ചാണ് മരണപ്പെട്ടത്.

**വിശദാംശങ്ങൾ**

കനകസുധ – 33 വയസ്സ്
W/o.കുമാരൻ, പാലിൻ ഹൗസ്, മുത്തനടുക്കം, പെരിയ.

| | |
|---|---|
| സി) പനി നിയന്ത്രിക്കുന്നതിന് ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) സ്വീകരിച്ചിട്ടുണ്ട്. പനി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ സർക്കാർ ആശുപത്രികളിലെ ഒ.പി. സമയം ദീർഘിപ്പിച്ചു. ആവശ്യമുള്ള പ്രദേശങ്ങളിൽ പനി ക്ലിനിക്ക് സംഘടിപ്പിച്ചു. ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികളിൽ പനി വാർഡുകൾ തുറന്നു. കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളിൽ ഫോഗിങ്ങ്, സ് പ്രേയിംഗ്, ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കൽ, കൂത്താടി നശീകരണം, അന്യദേശ തൊഴിലാളികളുടെ വാസ സ്ഥലങ്ങൾ സന്ദർശിച്ച് രക്ത പരിശോധന, കൊതുക് നശീകരണം, ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ എന്നിവ നടത്തി. ജില്ലാ - ബ്ലോക്ക് /പഞ്ചായത്ത്/വാർഡുതല മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ഫീൽഡ് വിഭാഗം ജീവനക്കാർ വീട്ടു വീടാന്തരം ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. മരുന്നുകൾ, അനുബന്ധ സാധനങ്ങൾ കൊതുക് നാശിനികൾ തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്നും മറ്റ് അനുബന്ധ സാധന സാമഗ്രികളും ശേഖരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ